# പത്രകുറിപ്പ്

മോണോസോഡിയം ഗ്ലൂട്ടോമേറ്റിന്റെ (അജിനോ മോട്ടോ) അനിയന്ത്രിതമായ ഉപയോഗം ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ കമ്മിഷണർ ഇവ ഉപയോഗിക്കുന്ന ഹോട്ടലുകളും, റസ്റ്റോറന്റുകളും ബേക്കറികളും ആ വിവരം നിയമം അനുശാസിക്കുന്ന വിധം വ്യക്തമായി താഴെ പറയുന്ന രീതിയിൽ എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവിറക്കി.

| |
|---|
| **ഈ സ്ഥാപനത്തിൽ താഴെ പറയുന്ന ഭക്ഷ്യ വസ്തുക്കളിൽ മോണോസോഡിയം ഗ്ലൂട്ടോമേറ്റ് ചേർക്കുന്നു. ഈ ഭക്ഷണം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കൊടുക്കാൻ പാടില്ല.** |

ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഭക്ഷ്യസുരക്ഷാ കമ്മിഷണർ അറിയിച്ചു. ഈ ഉത്തരവ് ലംഘിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ രണ്ട് ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതും ടി സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കുന്നതുമാണ്.

പാചകത്തിനായി ഉപയോഗിക്കുന്ന പച്ചക്കറികളും, മറ്റ് അസംസ്കൃത വസ്തുക്കളും പാചകത്തിനുമുമ്പ് വൃത്തിയായി കഴുകി ഉപയോഗിക്കേണ്ടതാണ്. ഇവ കഴുകുന്നതിനായി പ്രത്യേക സൗകര്യം എല്ലാ ഹോട്ടലുകളിലും ഉണ്ടാകേണ്ടതാണ്. ഇപ്രകാരം സംവിധാനം ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ഒരു ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതാണ്.

എല്ലാ സ്ഥാപനങ്ങളും പൊതുജനങ്ങൾ കാണുന്ന രീതിയിൽ **ഭക്ഷ്യ സുരക്ഷാ ലൈസൻസും ടോൾഫ്രീ നമ്പറും** പ്രദർശിപ്പിക്കേണ്ടതാണ്.

**ടോൾഫ്രീ നമ്പർ : 1800 425 1125**

**അനുപമ. റ്റി. വി. ഐ.എ.എസ്**
**ഭക്ഷ്യ സുരക്ഷാ കമ്മിഷണർ.**